**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6536** **11-07-2024 - ൽ മറുപടിയ്ക്ക്**

**വരട്ടാർ പാലം-കല്ലിശ്ശേരി ഇരവിപേരൂർ റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ മാത്യൂ ടി. തോമസ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വരട്ടാർ പാലം-കല്ലിശ്ശേരി ഇരവിപേരൂർ റോഡിൽ ജൽജീവൻ മിഷന്റെ പ്രവൃത്തികൾക്ക് ശേഷമുള്ള റെസ്റ്റോറേഷൻ പ്രവൃത്തികൾ നിർവഹിക്കുന്നതിൽ നേരിടുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശബരിമല special പാക്കേജിൽ പ്രവൃത്തി നടത്താൻ ഫണ്ട് അനുവദിച്ച റോഡാണ് ഇത്. ഇവിടെ ജൽ ജീവൻ മിഷൻ പ്രവൃത്തി വൈകിയത് കാരണം നിലവിലുള്ള കരാറുകാരൻ പ്രവൃത്തിയിൽ നിന്നും ഒഴിവായിപോയി. ഈ പ്രവൃത്തിയുടെ പുതിയ ടെണ്ടർ നടപടികൾക്കായി ഷെഡ്യൂൾ തയ്യാറാക്കുന്നതിന് റസ്റ്റോറേഷൻ പ്രവൃത്തികൾ കൂടി ഉൾപ്പെടുത്തേണ്ടതുണ്ട്. കി.മീ. 0/000 മുതൽ 2/300 വരെയുള്ള ഭാഗത്തെ റസ്റ്റോറേഷൻ പ്രവൃത്തികൾക്കായി 5245000/- രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിയ്ക്കായി നിലവിൽ സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) | ഉണ്ടെങ്കിൽ പ്രസ്തുത പ്രവൃത്തിക്ക് ആവശ്യമായ അനുമതികൾ ലഭ്യമാക്കി റോഡിന്റെ നിർമ്മാണം വേഗത്തിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | ശബരിമല special പാക്കേജിൽ പ്രവൃത്തി നടത്താൻ ഫണ്ട് അനുവദിച്ച റോഡാണ് ഇത്. ഇവിടെ ജൽ ജീവൻ മിഷൻ പ്രവൃത്തി വൈകിയത് കാരണം നിലവിലുള്ള കരാറുകാരൻ പ്രവൃത്തിയിൽ നിന്നും ഒഴിവായിപോയി. ഈ പ്രവൃത്തിയുടെ പുതിയ ടെണ്ടർ നടപടികൾക്കായി ഷെഡ്യൂൾ തയ്യാറാക്കുന്നതിന് റസ്റ്റോറേഷൻ പ്രവൃത്തികൾ കൂടി ഉൾപ്പെടുത്തേണ്ടതുണ്ട്. കി.മീ. 0/000 മുതൽ 2/300 വരെയുള്ള ഭാഗത്തെ റസ്റ്റോറേഷൻ പ്രവൃത്തികൾക്കായി 5245000/- രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിയ്ക്കായി നിലവിൽ സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ